## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3882. 27.06.2012-ൽ മറുപടിയ്ക്ക്**

## കൊരട്ടി ലെപ്രസി ഹോസ്പിറ്റലിന്റെ വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ബി. ഡി. ദേവസ്സി | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | കൊരട്ടി ലെപ്രസി ഹോസ്പിറ്റലിന്റെ വികസനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ) | ഇവിടെ പല സ്ഥലങ്ങളിലായി സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങൾക്ക് പകരം എല്ലാ പ്രവർത്തനങ്ങളും ഒരു മേൽക്കൂരയ്ക്കു കീഴിൽ വരികയെന്ന ഉദ്ദേശം മുൻനിർത്തി 1390ച.മീറ്റർ താഴത്തെ നിലയിലും 1340ച.മീറ്റർ ഒന്നാം നിലയിലും വിസ്തീർണ്ണമുള്ള ഒരു കെട്ടിടം നിർമ്മിക്കുന്നതിനായി 3.50 കോടി രൂപയുടെ പ്ലാനും, എസ്റ്റിമേറ്റും പൊതുമരാമത്ത് വിഭാഗം തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. പൊതു ജനങ്ങൾക്കായുള്ള പുതിയ കെട്ടിടത്തിന്റെ പണികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. വാർഡുകളോട് അനുബന്ധിച്ചിട്ടുള്ള പൊതു ശൗചാലയങ്ങൾക്കായി 6.20 ലക്ഷം രൂപയ്ക്ക് അനുമതി ലഭിക്കുകയും പ്രസ്തുത തുക പൊതുമരാമത്ത് (കെട്ടിട) വകുപ്പിനായി കൈമാറ്റം ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ടെൻഡർ നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |

| | | | |
|---|---|---|---|
| (ബി) | ലെപ്രസി ആശുപത്രിയുടെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്ത് ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട് ഏതെ ങ്കിലും പ്രോജക്ടുകൾ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ? | (ബി) | മെഡിക്കൽ സിറ്റി സ്ഥാപിക്കുന്നതിനായി INKEL എന്ന സ്ഥാപനത്തെ നോഡൽ ഏജൻസിയായി നിയമിച്ചിട്ടുണ്ട്.<br><br>തൃശ്ശൂർ ജില്ലയിൽ ഒരു ജനറൽ നഴ്സിംഗ് മിഡ്വൈഫറി സ്കൂൾ തുടങ്ങുവാൻ കേന്ദ്ര അനുമതി ലഭിച്ചത് അനുസരിച്ച് 13 കോടി രൂപയുടെ ഒരു പ്രൊപ്പോസൽ തൃശ്ശൂർ ഡി. എം. ഒ. തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ഇതിനായുള്ള സ്ഥലം കൊരട്ടി കുഷ്ഠരോഗ ആശുപത്രിയിലാണ് കണ്ടെത്തിയിട്ടുള്ളത്. |

B.V.Kumar

സെക്ഷൻ ഓഫീസർ